# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1857 07.12.2015 - ൽ മറുപടിക്ക്

**എൻ.സി.എ. ഒഴിവുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ. ബഷീർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) തുടർച്ചയായി മൂന്ന് തവണ വിജ്ഞാപനം ചെയ്തിട്ടും എൻ.സി.എ. ഒഴിവുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ പ്രസ്തുത തസ്തികകളിൽ മെയിൻ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് തടസ്സങ്ങളുണ്ടോ; | (എ) KS&SSR-ലെ ഭാഗം II ചട്ടം 15 (a) പ്രകാരം ഒരു തസ്തികയിലെ നിയമനത്തിനായി ഒരു സമുദായത്തിൽ നിന്ന് അനുയോജ്യനായ ഉദ്യോഗാർത്ഥി ലഭ്യമല്ലാതെ വന്നാൽ ആ ഒഴിവ് നികത്താതെ മാറ്റി വയ്ക്കേണ്ടതും, ആ സമുദായത്തിന് മാത്രമായി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്.<br><br>രണ്ടിൽ കുറയാത്ത തവണ പുനർ വിജ്ഞാപനം ചെയ്തിട്ടും ടി സമുദായത്തിൽ നിന്ന് യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ ഒഴിവ് തൊട്ടടുത്ത സംവരണ വിഭാഗത്തിന് നൽകേണ്ടതാണ്. എന്നാൽ SC/ST വിഭാഗങ്ങളുടെ ഊഴം ആവർത്തിച്ചുള്ള NCA വിജ്ഞാപനങ്ങൾക്കുശേഷവും മറ്റ് വിഭാഗങ്ങൾക്ക് മാറ്റി നൽകാവുന്നതല്ല. |
| (ബി) പ്രസ്തുത കാര്യത്തിൽ പി.എസ്.സി. യുടെ അഭിപ്രായം ആരാഞ്ഞിരുന്നോ; എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ആരാഞ്ഞിരുന്നുവെന്നും ആയതിന് എന്തു മറുപടിയാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ; | (ബി) എൻ.സി.എ. നിയമനങ്ങളിലെ സങ്കീർണത പരിഹരിക്കുന്ന കാര്യത്തിൽ KS&SSR-ൽ ഭേദഗതി വരുത്തണമെന്ന പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശ പരിഗണിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ കരട് വിജ്ഞാപനം തയ്യാറാക്കി അതിന്മേൽ പി.എസ്.സി.യുടെ ഉപദേശം തേടിയിരുന്നു. NCA വിജ്ഞാപനങ്ങൾ തമ്മിലുള്ള ഇടവേള 6 മാസമാക്കണമെന്നും, വിജ്ഞാപനങ്ങൾ 2 തവണയായി നിജപ്പെടുത്തണമെന്നും, മറ്റ് |

| | |
|---|---|
| | വിഭാഗങ്ങൾക്ക് മാറ്റി നൽകുന്ന ഊഴങ്ങൾ (SC/ST വിഭാഗങ്ങളുടെ ഊഴങ്ങൾ ഉൾപ്പെടെ) ഏറ്റവും അടുത്ത അവസരത്തിൽ തിരികെ നൽകുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് കരട് വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിരുന്നത്. NCA വിജ്ഞാപനങ്ങൾ 2 തവണയായി നിജപ്പെടുത്താമെന്നും എന്നാൽ വിജ്ഞാപനങ്ങൾ തമ്മിലുള്ള ഇടവേള ഒരു വർഷം വേണമെന്നും, SC/ST വിഭാഗങ്ങളുടെ ഊഴങ്ങൾ മറ്റ് വിഭാഗങ്ങൾക്ക് മാറ്റി നൽകേണ്ടതില്ല എന്നുമാണ് പി.എസ്.സി.യുടെ മറുപടിയിലുള്ളത്. |
| (സി) പ്രസ്തുത കാര്യത്തിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പുതിയ നിർദ്ദേശങ്ങൾ പരിശോധിച്ച് KS&SSR-ൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ